12-10-2026

Annexure to Submissions

അനുബന്ധം

പോളിടെക്നിക് പരീക്ഷ നടത്തിപ്പിലെ ഗുരുതര വീഴ്ച സംബന്ധിച്ച് ശ്രീ. സജി ചെറിയാൻ എം.എൽ.എ. ഉന്നയിച്ച സബ്മിഷന് ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. റോജി എം. ജോൺ) നൽകിയ മറുപടി

സംസ്ഥാനത്തെ പോളിടെക്നിക്കുകളിലെ ഡിപ്ലോമ പരീക്ഷയുടെ ചോദ്യപേപ്പറുകൾ സാധാരണ നിലയിൽ സ്ഥാപനങ്ങൾക്ക് കൈമാറുന്നത് സ്റ്റേറ്റ് ബോർഡ് ഓഫ് ടെക്നിക്കൽ എഡ്യൂക്കേഷൻ പോർട്ടൽ (SBTE portal) മുഖേനയാണ്. പരീക്ഷ ആരംഭിക്കുന്നതിന് ഒരു മണിക്കൂർ മുമ്പാണ് ഇത്തരത്തിൽ ചോദ്യപേപ്പർ നൽകിവരുന്നതും സ്ഥാപനങ്ങൾ അവ യഥാക്രമം ഡൗൺലോഡ് ചെയ്ത് എടുക്കുന്നതും. പോർട്ടലിന് എന്തെങ്കിലും സാങ്കേതികപ്രശ്നം സംഭവിക്കുന്നപക്ഷം പരീക്ഷ മുടക്കംകൂടാതെ നടത്തുന്നതിനായി ചോദ്യപേപ്പർ ഔദ്യോഗിക ഇ-മെയിലിലേക്ക് അയ്ക്കുന്ന സംവിധാനം മുൻകാലങ്ങളിലും അവലംബിച്ചുവരുന്നുണ്ട്.

ഡിപ്ലോമ നവംബർ 2026-ന്റെ ഭാഗമായി 14-10-2026-ലെ പരീക്ഷദിനത്തിൽ SBTE portal-ൽ ഉണ്ടായ സാങ്കേതിക തകരാർമൂലം

യഥാസമയം ചോദ്യപേപ്പർ അയച്ചുനൽകാൻ സാധിക്കാത്ത സാഹചര്യമുണ്ടായി. അടിയന്തരമായി NIC-യിൽ ഈ വിവരം ധരിപ്പിച്ച് പരിഹാരമാർഗം തേടിയെങ്കിലും സമയബന്ധിതമായി തകരാർ പരിഹരിക്കാൻ NIC-യ്ക്ക് സാധിച്ചില്ല.

ഇത്തരം സാഹചര്യങ്ങളിൽ പരീക്ഷ മുടക്കം കൂടാതെ നടത്തുന്നതിന് മുൻകാലങ്ങളിൽ അവലംബിച്ചുവന്നിരുന്ന ബദൽ മാർഗം എന്ന നിലയിൽ അന്നേ ദിവസം രാവിലത്തെ പരീക്ഷകളുടെ ചോദ്യപേപ്പർ സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് കാര്യാലയത്തിൽനിന്നും ബന്ധപ്പെട്ട സ്ഥാപനങ്ങളുടെ ഔദ്യോഗിക ഇ-മെയിലിലേക്ക് പരീക്ഷാ സമയത്തിന് അര മണിക്കൂർ മുമ്പ് സുരക്ഷിതമായി അയച്ചുനൽകുകയാണ് ഉണ്ടായത്.

2019 ഏപ്രിൽ, മേയ് മാസങ്ങളിലെ പരീക്ഷകളിലും 2022 ഫെബ്രുവരി 22, 23, 24 എന്നീ തുടർച്ചയായുള്ള ദിവസങ്ങളിലും 2026 ഏപ്രിൽ മാസത്തിൽ നടത്തിയ പരീക്ഷകളിലും SBTE portal-ൽ ഉണ്ടായ സാങ്കേതിക തകരാർ കാരണം ചോദ്യപേപ്പറുകൾ ബന്ധപ്പെട്ട

സ്ഥാപനങ്ങളുടെ ഔദ്യോഗിക ഇ-മെയിലിലേക്ക് അയച്ചുനൽകിയിട്ടുണ്ട്.

14-10-2026 ഉച്ചയോടെ NIC പ്രശ്നം പരിഹരിച്ചതിന്റെ അടിസ്ഥാനത്തിൽ ഉച്ചയ്ക്കുശേഷമുള്ള പരീക്ഷകളുടെ ചോദ്യപേപ്പർ SBTE Portal മുഖാന്തരം അയച്ചുനൽകുകയും ചെയ്തു. ഡിപ്ലോമ പരീക്ഷയുടെ ചോദ്യപേപ്പറുകൾ SBTE Portal മുഖാന്തരം അയച്ചുവരുന്ന രീതി തുടരുമ്പോഴും പഴയ റിവിഷനുകളിൽപെട്ട പരീക്ഷകളുടെ ചോദ്യപേപ്പറുകൾ മുൻവർഷങ്ങളിലെന്നപോലെ ഇപ്പോഴും ഔദ്യോഗിക ഇ-മെയിലിലേക്കാണ് അയച്ചുനൽകുന്നത്.

സാങ്കേതിക പ്രശ്നംമൂലമുണ്ടായ ഈ വിഷയത്തിൽ സ്ഥാപന മേധാവികളിൽനിന്നോ വിദ്യാർഥികളിൽനിന്നോ ഒരു തരത്തിലുമുള്ള പരാതിയോ ആക്ഷേപമോ സാങ്കേതിക വിദ്യാഭ്യാസ വകുപ്പിനോ സർക്കാരിനോ ലഭിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നിരുന്നാലും ഇത്തരത്തിൽ ഉണ്ടായേക്കാവുന്ന സാങ്കേതിക തകരാറുകൾ സമയബന്ധിതമായി പരിഹരിക്കുന്നതിനുള്ള സംവിധാനം

Annexure to Submissions

ഏർപ്പെടുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാൻ നിർദേശം നൽകിയിട്ടുണ്ട്.